നിയമവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ നടപടി

13 (*403) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി. രാഘവൻ :
ശ്രീ. എളമരം കരീം :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിയമവിദ്യാഭ്യാസ നിലവാരത്തെ സംബന്ധിച്ച സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ നിയമവിദ്യാഭ്യാസ നിലവാരം ഉയർത്തേണ്ടതായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തെ നിയമവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ ലാകോളേജുകൾ നിയമബിരുദം നൽകുന്ന സ്ഥാപനങ്ങൾ മാത്രമായി മാറിയിട്ടുണ്ടെന്നും നിയമവിദ്യാർത്ഥികൾ കോളേജിൽ പോകാതെ ബിരുദം നേടാവുന്ന സ്ഥിതി സംജാതമായിട്ടുണ്ടെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ സ്ഥിതിവിശേഷം മാറ്റി നിയമവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) സംസ്ഥാനത്ത് പുതുതായി ലാകോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ എവിടെയെല്ലാം എന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സമീപകാലങ്ങളിൽ പഠനം നടത്തിയിട്ടില്ല.

(ബി&സി) സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടില്ലെങ്കിലും ബാർ കൗൺസിലിന്റെ നിർദ്ദേശപ്രകാരം 1998-99 അദ്ധ്യയനവർഷം മുതൽ പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ യു.ജി.സി. നിർദ്ദേശപ്രകാരമുള്ള ഇന്റേണൽ അസസ്മെന്റും സെമിനാർ/ഡിബേറ്റ് എന്നിവയും നിർബന്ധമാക്കിയിട്ടുണ്ട്.

(ഡി) ഇങ്ങനെ ഒരു ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 'ഡി'യിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly